**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **20-01-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ്,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ . വി കെ പ്രശാന്ത്,<br>ശ്രീ പി .ടി .എ . റഹീം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പ് അദാനിക്ക് നൽകാതെ സംസ്ഥാനസർക്കാർ രൂപീകരിച്ച ടിയാലിന് നല്കണമെന്ന ഐകകണ്ഠേനയുള്ള ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ; | (എ) | 2020 സെപ്റ്റംബർ 9, നവംബർ 11 എന്നീ തീയതികളിൽ ബഹു. കേന്ദ്ര വ്യോമയാനവകുപ്പുമന്ത്രി നൽകിയ മറുപടിയിൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്നാണ് അറിയിച്ചത്. ഈ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മറുപടിയും നൽകിയിട്ടുണ്ട്. |
| (ബി) | വിമാനത്താവള നടത്തിപ്പിൽ പ്രാഗത്ഭ്യം തെളിയിക്കുന്നതിൽ വിജയിച്ച കിയാൽ, സിയാൽ മാതൃകയിൽ സംസ്ഥാന സർക്കാരിന് കീഴിൽ രജിസ്റ്റർ ചെയ്ത കമ്പനി അദാനി വാഗ്ദാനം ചെയ്ത തുക നൽകാമെന്നേറ്റിട്ടും നടത്തിപ്പ് ചുമതല നൽകാത്തത് സംസ്ഥാന താത്പര്യത്തെക്കാൾ കമ്പനികളുടെ താല്പര്യത്തിന് പ്രാമുഖ്യം നൽകുന്നതിനാലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വ്യോമയാന മേഖലയിലെ തന്ത്രപ്രധാന സ്ഥാപനമായ എയർ ഇന്ത്യയുടെ ഓഹരികളും കോടികൾ വിലമതിക്കുന്ന ആസ്തിയും സ്വകാര്യവൽക്കരിക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. തിരുവനന്തപുരം ഉൾപ്പടെ രാജ്യത്തെ വിവിധ വിമാനത്താവളങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികൾ കേന്ദ്രം ത്വരിതപ്പെടുത്തിയിരിക്കുകയാണ്. വിമാനത്താവളത്തിന്റെ നടത്തിപ്പ് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നടപടിക്രമങ്ങളിൽ നിന്നും പിന്തിരിയണമെന്ന് ബഹു. പ്രധാനമന്ത്രിയോടും, ബഹു. കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയോടും അഭ്യർത്ഥിച്ചിരുന്നു. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വിമാനത്താവളം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ ഇടപെടലുകൾ ഉൾപ്പെടെ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. കേന്ദ്രത്തിനും സംസ്ഥാന സർക്കാരിനും സ്വീകാര്യമായ വ്യവസ്ഥകളോടെ വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറണമെന്നായിരുന്നു സംസ്ഥാനത്തിന്റെ നിലപാട്. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തി |

| | | | |
|---|---|---|---|
| | | | സ്വകാര്യവത്കരണം ചെറുക്കുന്നതിനാണ് സർക്കാർ ശ്രമിച്ചത്. ഇതിന്റെ ഭാഗമായി KSIDC യുടെ നേതൃത്വത്തിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പിന് അദാനി ഗ്രൂപ്പ് ലേലത്തിൽ ക്വാട്ട് ചെയ്ത തുകയ്ക്ക് തന്നെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (റ്റിയാൽ) ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത ചീഫ് സെക്രട്ടറി കേന്ദ്ര വ്യോമയാന സെക്രട്ടറിയെ അറിയിക്കുകയുമുണ്ടായി. എന്നാൽ ഇതിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതായി അറിയിപ്പൊന്നും ലഭിച്ചില്ല. മറിച്ച് വിമാനത്താവള നടത്തിപ്പ് അദാനിക്ക് കൈമാറുന്നതിനുള്ള നടപടികളാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം സ്വീകരിച്ചത്. |
| (സി) | സ്ഥാപിതമായി രണ്ടുവർഷത്തിനുള്ളിൽ കണ്ണൂർ വിമാനത്താവളത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അറിയിക്കാമോ? | (സി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും വിമാനകമ്പനികളായ എയർ ഇന്ത്യ എക്സ്പ്രസ്, ഗോ എയർ, ഇൻഡിഗോ, എയർ ഇന്ത്യ എന്നിവ അബുദാബി, ബഹ്റിൻ, കുവൈത്ത്, ദോഹ, റിയാദ്, ഷാർജ്ജ, മസ്കറ്റ്, ദമാം എന്നിവിടങ്ങളിലേയ്ക്ക് അന്താരാഷ്ട്ര വിമാന സർവ്വീസുകളും, തിരുവനന്തപുരം, കോഴിക്കോട്, മുംബൈ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, ഗോവ, കൊച്ചി, ഹുബ്ലി എന്നിവിടങ്ങളിലേയ്ക്ക് ആഭ്യന്തര വിമാന സർവ്വീസുകളും ആരംഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 10 മാസം കൊണ്ട് 1 മില്ല്യൺ യാത്രക്കാർ എന്ന അപൂർവ്വ നേട്ടവും, നവംബർ 2020 ന് 2 മില്ല്യൺ യാത്രക്കാർ എന്ന നേട്ടംവും കൈവരിക്കാൻ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് സാധിച്ചു. എയർപോർട്ടിൽ ആവശ്യമായ ഫുഡ് & ബിവറേജസ് സ്റ്റാളുകളും എയർപോർട്ടിന് ഉള്ളിലും പുറത്തും റീട്ടെയിൽ ഔട്ട് ലെറ്റുകളും പ്രവർത്തിച്ചുവരുന്നു.<br>വിമാനത്താവളത്തിന്റെ 1-ാം വാർഷികത്തിൽ ഡൊമെസ്റ്റിക് സെക്യൂരിറ്റി ഹോൾഡ് ഏരിയയിലും, ഇന്റർനാഷണൽ സെക്യൂരിറ്റി ഹോൾഡ് ഏരിയയിലും 2 കൊമേഴ്സ്യൽ ലൗഞ്ചുകൾ ആരംഭിച്ചു. കൂടാതെ വൈ-ഫൈ സംവിധാനം, ആർട്ട് ഗാലറി എന്നിവയും സ്ഥാപിച്ചു. ഡ്യൂട്ടി ഫ്രീ ഷോപ്പുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 1200 സ്ക്വയർ മീറ്റർ വിസ്തീർണ്ണവും 12,000 മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്യുന്നതിന് ശേഷിയുള്ള കാർഗോ കോംപ്ലക്സ് പ്രവർത്തന സജ്ജമായിട്ടുണ്ട്. കൂടാതെ 5800 സ്ക്വയർ മീറ്റർ വിസ്തീർണ്ണവും 55,000 |

| | | | |
|---|---|---|---|
| | | | മെട്രിക് ടൺ ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയുള്ള മറ്റൊരു കാർഗോ കെട്ടിടത്തിന്റെ പണി ആരംഭിച്ചു. അഡ്മിൻ ബ്ലോക്കിന്റെ പ്രവൃത്തി ഉടൻ തന്നെ പൂർത്തിയാകുന്നതാണ്. എയർപോർട്ടിലെ 30 മുറികളുള്ള ഡേ ഹോട്ടൽ മാർച്ച് അവസാനത്തോടു കൂടി തുറന്നു പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫ്ളൈ ദുബായ്, സലാം എയർ, ഒമാൻ എയർ, അൽ ജസീറ, സാദിയ എയർലൈൻസ്, ഗൾഫ് എയർ, കുവൈത്ത് എയർലൈൻസ്, എയർ അറേബ്യ, ഇത്തിഹാദ് എന്നിവ വന്ദേ ഭാരത് മിഷന്റെ ഭാഗമായി സർവ്വീസ് നടത്തുകയുണ്ടായി. ഈ കാലയളവിൽ വൈഡ് ബോഡി വിമാനങ്ങളും വിമാനത്താവളത്തിൽ നിന്നും സുഗമമായി സർവ്വീസ് നടത്തി. റൺവേ 4000 മീറ്ററാക്കി ദീർഘിപ്പിക്കുന്നതിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കാനുള്ള സർവ്വേ നടപടികൾ ആരംഭിച്ചു. ഇതു കൂടാതെ ഡിഫൻസ്, എം ആർ ഒ എന്നിവക്ക് ആവശ്യമായ 108 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഫൈവ് സ്റ്റാർ ഹോട്ടൽ, ഇന്റർ നാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ, ഷോപ്പിംഗ് ആർക്കേഡ്, റസ്റ്റോറന്റ്, സ്കൈ ഷോപ്പിംഗ്, ബാർ റസ്റ്റോറന്റ്, എം.ആർ.ഒ എന്നിവയ്ക്കുള്ള ടെൻഡർ നടപടികളും പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ